പമ്പ് ഹൗസ്, വിതരണ പൈപ്പുകൾ എന്നിവ ഉൾപ്പെട്ട വിശദമായ എസ്റ്റിമേറ്റിന്മേൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഉന്നതതല സംഭരണി നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്തിൽനിന്നും വിട്ടുകിട്ടിയാൽ മാത്രമേ പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(ബി& സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മീനാട് കുടിവെള്ള പദ്ധതി

191 (4477) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രവർത്തനം ആരംഭിച്ചത് എന്നാണ്; പൂർത്തീകരിക്കാൻ ഉദ്ദേശിച്ചത് എന്നായിരുന്നു; അടങ്കൽ തുക എത്ര ആയിരുന്നു;

(സി) പദ്ധതിയുടെ കരാർ ആർക്കാണ് നൽകിയിരുന്നത്;

(ഡി) കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) പദ്ധതിയുടെ ഭാഗമായി ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളിൽ നടത്തിയ പ്രവർത്തനങ്ങളും അവശേഷിക്കുന്ന പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(എഫ്) പദ്ധതിയുടെ അവശേഷിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും എന്നത്തേക്ക് പൂർണ്ണ തോതിൽ കമ്മീഷനിംഗ് നടക്കും എന്നുമുള്ള വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മീനാട് ശുദ്ധജല പദ്ധതി നാല് പാക്കേജുകളായാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

പാക്കേജ് 1 - ഇൻടേക്ക്, റോ വാട്ടർ പമ്പിംഗ് മെയിൻ & ട്രീറ്റ്മെന്റ് പ്ലാന്റ്.

പാക്കേജ് 2 - ട്രാൻസ്മിഷൻ പൈപ്പ് ലൈനുകളും സ്റ്റാന്റാ ടെലിമെട്രി ജോലികളും

പാക്കേജ് 3 - ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകളും ഗാർഹിക കണക്ഷനുകളും

പാക്കേജ് 4 - ജലസംഭരണികളും ഓഫീസ് കെട്ടിടങ്ങളും സ്റ്റാഫ് ക്വാർട്ടേഴ്സുകളും.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ 1, 2, 4 പാക്കേജുകൾ പണി പൂർത്തീകരിച്ചിട്ടുണ്ട്. 3-ാമത്തെ പാക്കേജായ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെയും ഗാർഹിക കണക്ഷൻ നൽകുന്നതിന്റെയും പണി ഏറ്റെടുത്ത ആദ്യ കരാറുകാരൻ ഏകദേശം 60 ശതമാനം പണി പൂർത്തീകരിച്ചശേഷം പണി ഉപേക്ഷിച്ചുപോയി. ഇതിന്റെ ബാക്കി ജോലികൾ റീടെണ്ടർ ചെയ്ത് മറ്റൊരു കരാറുകാരന് നൽകി. രണ്ട് കരാറുകാരും കൂടി ആകെ ഇടേണ്ട 963 കി.മി. പൈപ്പ് ലൈനുകളിൽ ഇതുവരെ 787 കി.മി. പൈപ്പ് ലൈനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 173 കി.മി. പൈപ്പ് ലൈനുകൾ മാത്രമാണ് കമ്മീഷൻ ചെയ്തത്. ഇനി ഏകദേശം 176 കി.മി. പൈപ്പ് ലൈനുകൾ സ്ഥാപിക്കാനുണ്ട്. ഇതുവരെ 3119 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി 2006 ഏപ്രിലിൽ തുടങ്ങി 2008 ഡിസംബറിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ 2011 ഫെബ്രുവരിയിൽ പദ്ധതി ഭാഗികമായി മാത്രമേ കമ്മീഷൻ ചെയ്തിരുന്നുള്ളൂ. പദ്ധതിയുടെ അടങ്കൽ തുക 232.02 കോടി രൂപയായിരുന്നു.

(സി) ചുവടെ ചേർത്തിരിക്കുന്ന നാല് കമ്പനികൾക്കാണ് പദ്ധതിയുടെ കരാർ നൽകിയിരുന്നത്.

1. M/s. Kirloskor Brothers Ltd., Pune

2. M/s. SPML, Bangalore

3. M/s. Ramakrishan Contractors (P) Ltd., Hyderabad

4.M/s. IVRCL Infrastructure and Projects Ltd., Hyderabad

(ഡി) പാക്കേജ് 3-ന്റെ പണി ഏറ്റെടുത്ത കരാറുകാരന്റെ അനാസ്ഥമൂലം പണി പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടാവുകയും കരാർ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥ പ്രകാരം റദ്ദ് ചെയ്യുകയും ചെയ്തു. നഷ്ടപരിഹാരത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളിൽ ജല സംഭരണികൾ നിർമ്മിക്കുകയും ആയതിലേയ്ക്ക് ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും ജലം സംഭരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിതരണ കുഴലുകൾ ഭാഗികമായി മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. ഉമ്മന്നൂർ പഞ്ചായത്തിൽ ആകെ ഇടേണ്ട പൈപ്പ് ലൈനുകൾ 84.93 കി.മീ. ഉം നാളിതുവരെ സ്ഥാപിച്ചത് 40.75 കി.മി.-ഉം ആണ്. വെളിയം പഞ്ചായത്തിൽ ആകെ ഇടേണ്ട പൈപ്പ് ലൈനുകൾ 74.04 കി.മി.-ഉം നാളിതുവരെ സ്ഥാപിച്ചത് 53.89 കി.മി.-ഉം ആണ്. മേൽപ്പറഞ്ഞിട്ടുള്ള പ്രകാരം ബാക്കിയുള്ള പൈപ്പുകളും സ്ഥാപിച്ച് ആവശ്യക്കാർക്ക് ഗാർഹിക കണക്ഷനുകൾ നൽകുന്ന പണികളുമാണ് അവശേഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബാക്കി പണികൾ റീടെണ്ടർ ചെയ്തപ്പോൾ ഏറ്റെടുത്ത കരാറുകാരനും ഭാഗികമായി മാത്രമേ പണി പൂർത്തീകരിച്ചിട്ടുള്ളൂ. ആയതിനാൽ ടി കരാറുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇവർ പണി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ വീണ്ടും ടെണ്ടർ ചെയ്ത് മറ്റൊരു കരാറുകാരനെ ഏൽപ്പിക്കേണ്ടിവന്നാൽ പണി പൂർത്തീകരിക്കുവാൻ ഏറ്റവും കുറഞ്ഞത് ഒരു വർഷമെങ്കിലും കൂടി വേണ്ടിവരും.

ജലവിഭവ വകുപ്പിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ

192 (4478) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ഭരണാനുമതി ലഭിച്ച എത്ര പദ്ധതികൾ പൂർത്തിയാക്കാനുണ്ട്;

(ബി) പ്രസ്തുത പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുവാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആയത് നിർവ്വഹിക്കുന്നുണ്ടോ എന്ന് നാളിതുവരെ ഏതെങ്കിലും അന്വേഷണമോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ ;

(സി) ഓരോ പദ്ധതിയും ആരംഭിക്കുമ്പോൾ തന്നെ അവ എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് കണക്കാക്കി ഒരു കൗണ്ട് ഡൗൺ സമ്പ്രദായം നടപ്പിലാക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ജലവിഭവ വകുപ്പിൽ ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പദ്ധതികളിൽ ജലസേചന വകുപ്പിൽ 17 പദ്ധതികളും കേരള വാട്ടർ അതോറിറ്റിയിൽ വിവിധ ഇനങ്ങളിലായി 267 പദ്ധതികളും പ്രോജക്ട്-I-ന് കീഴിൽ 3 പദ്ധതികളും പ്രോജക്ട്-II-ന് കീഴിൽ 5 പദ്ധതികളും കുട്ടനാട് പാക്കേജിലെ 7 പദ്ധതികളും ഭൂജല വകുപ്പിന്റെ കീഴിൽ വർൾച്ചാ ദുരിതാശ്വാസ പദ്ധതിയും ലോകബാങ്ക് സഹായത്തോടെ അഞ്ച് വർഷംകൊണ്ട് (2012-2017) 1022 കോടി രൂപ അടങ്കലിൽ നടക്കുന്ന ജലനിധി പദ്ധതിയും പൂർത്തീകരിച്ചുവരുന്നു.

(ബി) പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കൂടാതെ പദ്ധതികളുടെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യാറുണ്ട്. അവയുടെ റിപ്പോർട്ട് മോണിറ്ററിംഗ് വിഭാഗം ക്രോഡീകരിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ (സി.പി.എം.യു.) വെബ്സൈറ്റിലും

LIBRARY ARCHIVES Kerala Legislative Assembly